**ശ്രദ്ധ ക്ഷണിക്കൽ**

## 1. പുതിയ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കൽ

ശ്രീ. കെ. പി. മോഹനൻ: സർ, ജനാധിപത്യ പ്രക്രിയയിൽ പ്രത്യേകിച്ച് മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി ഏറെ പ്രാധാന്യമുള്ള ഒരു ഘടകമാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഏറ്റവും താഴെത്തട്ടിലുള്ള ഘടകങ്ങളായ ഗ്രാമപഞ്ചായത്തുകൾ, ഗ്രാമീണ മേഖലയുടെ അടിസ്ഥാനസൗകര്യങ്ങളിലൊന്നായ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും വ്യത്യസ്തങ്ങളായ ഫണ്ടുകളുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ടും പഞ്ചായത്തുകളുടെ തനതുഫണ്ടുമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. അതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം സംസ്ഥാനത്ത് 1000 കോടി രൂപ ചെലവിൽ 11000 കിലോമീറ്റർ വരുന്ന അയ്യായിരത്തോളം റോഡുകളുടെ പ്രവൃത്തികൾക്ക് തുടക്കം കുറിക്കുകയും ഏറെക്കുറെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആദ്യമായാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത്

2018-19-ലെ പ്രളയത്തിൽ തകർന്നുപോയ സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും പണം കണ്ടെത്തി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. 2020 ആഗസ്റ്റ് മാസത്തിലാണ് ഈ പ്രവൃത്തികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ടത്. സംസ്ഥാന ഗ്രാമീണ റോഡുകൾ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ചവയും പുതുതായി നിർമ്മിക്കപ്പെട്ടതുമായ റോഡുകൾ ഇനിയും ധാരാളമായുണ്ട്. ആയതുകൊണ്ടുതന്നെ ഈ പദ്ധതി വളരെ നല്ലരീതിയിൽ നടപ്പിലാക്കി മുമ്പോട്ടുപോകേണ്ടതുണ്ട്. ഇനിയും ഈ പദ്ധതി ശക്തമായി നടപ്പിലാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഗ്രാമീണ റോഡുകൾ ഒരു അവിഭാജ്യഘടകമാണ്. പണ്ടുകാലത്ത് ഒരാൾക്കുമാത്രം നടന്നുപോകാവുന്ന ഇടവഴികളാണുണ്ടായിരുന്നത്, എന്നാൽ അതിൽനിന്നും ഇപ്പോൾ മാറ്റമുണ്ടായി. അന്നത്തെ കാലത്ത് ഇന്നത്തെപ്പോലെയുള്ള ജനസംഖ്യയുമുണ്ടായിരുന്നില്ല. എന്നാൽ ജനസംഖ്യ വർദ്ധിക്കുകയും ജനങ്ങളുടെ ജീവിത നിലവാരം മാറുകയും കുടുംബങ്ങളുടെ അംഗസംഖ്യ കൂടുകയും ചെയ്തപ്പോൾ വീടുകളുടെ എണ്ണം കൂടി.

ഒരു വീട്ടിൽ ഒന്നിലധികം വാഹനങ്ങളുണ്ടായപ്പോൾ റോഡുകൾ അത്യാവശ്യമായിവന്നു. ജനകീയാസൂത്രണ പ്രസ്ഥാനം ശക്തമായതോടെ ഗ്രാമസഭകൾ തീരുമാനിക്കുന്നതിനനുസരിച്ച് മുൻഗണനാ ക്രമത്തിൽ റോഡുകളും മറ്റ് സൗകര്യങ്ങളും വർദ്ധിച്ചുവന്നു. ഇങ്ങനെ ഓരോ റോഡുകളും കുടിവെള്ള പദ്ധതികളും നാട്ടിൽ ആകമാനവും ഓരോ ഗ്രാമപഞ്ചായത്തുകളിലും എത്രയെത്ര റോഡുകളുമാണ് ഉണ്ടായിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതികളിലൂടെയുള്ള റോഡുകൾ ധാരാളമായി നമുക്ക് കാണാൻ സാധിക്കും. ഈ റോഡുകളെല്ലാം നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം അവയുടെ അറ്റകുറ്റപ്പണികളാണ്. മെയിന്റനൻസ് ഗ്രാന്റ് കൃത്യമായി നൽകിയാൽ മാത്രമേ ഈ റോഡുകൾ നല്ല രീതിയിൽ പരിപാലിക്കാൻ സാധിക്കുകയുള്ളൂ. വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ടിൽനിന്നും റവന്യൂ വകുപ്പ് നൽകുന്ന ഫണ്ടും എം.എൽ.എ. ഫണ്ടും അല്ലാതെയുള്ള മറ്റ് ഫണ്ടുകളുമുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് അനുമതി നൽകിക്കഴിഞ്ഞാൽ അവയുടെ നിർമ്മാണത്തിനുള്ള കാലതാമസം ഒഴിവാക്കണം. ഇക്കാര്യം ജില്ലാ വികസന സമിതിയുടെ യോഗത്തിൽ ഉന്നയിച്ചിട്ടുണ്ട്. എന്തെങ്കിലും പോയിന്റ് കണ്ടുപിടിച്ച് ഫയലുകൾ

അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കളിക്കുന്നതോ തിരിച്ചയയ്ക്കുന്നതോ ആയ നടപടികൾ മാറ്റിയെടുക്കണം. എന്നാൽ മാത്രമേ ഗ്രാമീണ റോഡുകളുടെയും ഗ്രാമപ്രദേശങ്ങളുടെയും വികസനം യാഥാർത്ഥ്യമാകുകയുള്ളൂ. എന്റെ നിയോജകമണ്ഡലത്തിലെ അണിയാരം ശിവക്ഷേത്രം-മുട്ടുങ്കാവ് റോഡ് മുഖ്യമന്ത്രിയുടെ തദ്ദേശസ്വയംഭരണ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും ആയത് സംബന്ധിച്ച് ഇതുവരെ ഒരു നടപടിയുമായിട്ടില്ല. ഇത് ഒരു ഉദാഹരണമാണ്, ഒരു വലിയ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും യാത്രാക്ലേശത്തിന് പരിഹാരമാകുന്ന പ്രസ്തുത റോഡിന്റെ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഉടൻതന്നെ ഉണ്ടാകണം. വെള്ളപ്പൊക്ക നിവാരണ ഫണ്ടുപയോഗിച്ചുള്ള പ്രാദേശിക റോഡുകളുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകുന്നില്ല. ഒരു കാലവർഷം കഴിഞ്ഞ് അടുത്ത കാലവർഷമായിട്ടും റോഡുകളുടെ പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റ് പോലും കൃത്യമായി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാകാതെ അമാന്തം കാണിക്കുകയാണ്. ഇതിന്

ധാരാളം കാരണങ്ങൾ പറയുന്നുണ്ട്. ഭരണാനുമതി ലഭിച്ച് ആറ് മാസത്തിനുള്ളിൽ എഗ്രിമെന്റ് വച്ചില്ലെങ്കിൽ ഭരണാനുമതി റദ്ദാകുമെന്ന് അറിയാവുന്ന ഉദ്യോഗസ്ഥർ തന്നെയാണ് സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിക്കാതിരിക്കുന്നത്. ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ ഭാഗമായി റോഡുകളിൽ കുഴിയെടുത്തതും തിരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്നതും കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിനും എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനും കാലതാമസമുണ്ടാക്കിയിട്ടുണ്ട്. അത്തരം കാര്യങ്ങൾ പരിശോധിച്ച് വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയുടെ റോഡുകളുടെ പ്രവൃത്തി നടത്തുന്നതിന് കാലാവധി നീട്ടിക്കിട്ടാൻ സർക്കാർ പ്രത്യേകം താൽപര്യമെടുക്കേണ്ടതാണ്. മറ്റ് പല പദ്ധതികളും റോഡ് പുനരുദ്ധാരണത്തിനും നിർമ്മാണത്തിനുമായി നിലവിലുണ്ട്. പി.എം.ജി.എസ്.വൈ. (പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന) പദ്ധതിപ്രകാരം പല റോഡുകളും ഇത്തരത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളിലൂടെ നിർമ്മിക്കപ്പെടുന്ന റോഡുകൾ നേരിടുന്ന പ്രശ്നം വീതി ആറ് മീറ്റർ വേണമെന്നതാണ്. അത് മാറ്റേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ

ഗ്രാമീണ റോഡുകൾ ഒട്ടുമിക്കവയും ഇടുങ്ങിയതായതിനാൽ പല റോഡുകളും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുപയോഗിച്ച് നവീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമാണുള്ളത്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് തനത് ഫണ്ടില്ല എന്നതും മറ്റൊരു പ്രധാന പ്രശ്നമാണ്. ജില്ലാ പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, എസ്.ഡി. ഫണ്ട് എന്നിവ മാത്രമേയുള്ളൂ. ഇത്തരം ഫണ്ടുകളുപയോഗിച്ച് മാത്രമാണ് ജില്ലാ പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. എന്നാൽ ഫണ്ടുകൾ ലഭിക്കാനുള്ള കാലതാമസം പദ്ധതികളെ പ്രതികൂലമായി ബാധിക്കാറുണ്ട്. റോഡുകളുടെ നവീകരണ പ്രവൃത്തികളുൾപ്പെടെയുള്ള പദ്ധതികളുടെ കാലതാമസം ഒഴിവാക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കണം. 140 നിയോജകമണ്ഡലങ്ങളിലെ പഞ്ചായത്തുകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽവരുന്നതുമായ റോഡുകൾക്ക് ഇത്തരം പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് ഇതിന് പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട അംഗം സുപ്രധാനമായ ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. 2018-19-ലെ രണ്ട് പ്രളയങ്ങളിലായി തകർന്നതും 14 ജില്ലകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടാത്തതും പുനർനിർമ്മിക്കേണ്ടതുമായ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് 1000 കോടി രൂപ ലഭ്യമാക്കിയത്. അങ്ങനെയാണ് മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. ആകെ വകയിരുത്തിയ 1000 കോടി രൂപ ഉപയോഗിച്ച് 5064 പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്. നിലവിൽ 2400 കിലോമീറ്റർ നീളത്തിൽ 4781 പ്രവൃത്തികൾ പൂർത്തിയാക്കി. മറ്റുള്ളവയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. 13-10-2023-ലെ സർക്കാർ ഉത്തരവുപ്രകാരം മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും കാലാവധി ഇനിയും നീട്ടിനൽകില്ലെന്ന നിബന്ധനയോടെയാണ് 31-03-2024 വരെ

തീയതി നീട്ടിനൽകിയത്. അതിനാൽ നിലവിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ പുനരുദ്ധരിക്കേണ്ട ഒട്ടേറെ റോഡുകൾ ഇനിയുമുണ്ട് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സഭയിൽ ചൂണ്ടിക്കാണിച്ച സുപ്രധാന വിഷയങ്ങളിലൊന്ന് ഫ്ലഡഡ് റോഡുകളുമായി ബന്ധപ്പെട്ടതാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ഉചിതമായ നടപടി സ്വീകരിക്കാമെന്നാണ് അക്കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത്. എഞ്ചിനീയറിംഗ് വിഭാഗം സമയബന്ധിതമായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നില്ല എന്നൊരു പരാതി അങ്ങ് ഉന്നയിക്കുകയുണ്ടായി. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നത്, എസ്റ്റിമേറ്റ് സമയബന്ധിതമായി സമർപ്പിക്കുന്നതിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ അങ്ങയുടെ പരാതി വളരെ ഗൗരവമായിത്തന്നെ എടുക്കുന്നതാണ്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഇടപെടൽ

സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റ് പ്രശ്നങ്ങളെല്ലാം പരിശോധിക്കുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, മുഖ്യമന്ത്രിയുടെ വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽനിന്നും 2023-ൽ അനുവദിച്ച റോഡുകളുടെ പ്രവൃത്തി നടത്തുന്നതിനുള്ള കാലാവധി അവസാനിച്ചത് തിരഞ്ഞെടുപ്പ് സമയത്തായിരുന്നു. അതുകൊണ്ട് കാലാവധി നീട്ടിക്കിട്ടാനും കാലാവധി കഴിഞ്ഞ പ്രവൃത്തി പുനരാരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, പ്രളയത്തെത്തുടർന്നാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് 1000 കോടി രൂപ അനുവദിച്ച് ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി ആരംഭിച്ചത്. പദ്ധതി പ്രഖ്യാപിച്ചിട്ട് 5 വർഷമായി. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ തുടർന്നും സമയം നീട്ടിനൽകില്ല എന്ന നിബന്ധനയിലായിരുന്നു 31-03-2024 വരെ സമയം നീട്ടിക്കൊടുത്തത്. അതുകൊണ്ട് കാലാവധി നീട്ടിനൽകുന്ന കാര്യം സർക്കാർ പരിഗണിക്കില്ല. തിരഞ്ഞെടുപ്പ് നടന്നത് ഇപ്പോഴാണ്. ഇത് 5 വർഷം മുൻപ് പ്രഖ്യാപിച്ച ഒരു പദ്ധതിയാണ്. 5064 പ്രവൃത്തികളിൽ 4781 എണ്ണം പൂർത്തിയായി.

ബാക്കിയുള്ളത് പൂർത്തിയാക്കുന്നതിന് സമയമല്ല പ്രശ്നം. സി.എം.എൽ.ആർ.ആർ.പി. (Chief Minister's Local Road Rebuild Project)-ൽ സമയം നീട്ടിനൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ, അങ്ങ് പറഞ്ഞ ഗ്രാമീണറോഡ് പുനരുദ്ധാരണം ഗൗരവമുള്ള പ്രശ്നമായിത്തന്നെയാണ് സർക്കാർ കാണുന്നത്. ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനുവേണ്ടി ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. 1000 കോടി രൂപ അതിന് കണ്ടെത്തുമെന്ന കാര്യം അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ പിന്നീട് സഭയെ അറിയിക്കുന്നതാണ്. അങ്ങ് ഉന്നയിച്ച പ്രശ്നത്തെ അർഹിക്കുന്ന പ്രാധാന്യത്തോടെയും ഗൗരവത്തോടെയുമാണ് സർക്കാർ നോക്കിക്കാണുന്നത്. ഈ പ്രശ്നം അഡ്രസ് ചെയ്യുന്നതിനുള്ള സത്വരമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

(2) പൊതുവിതരണ രംഗം നേരിടുന്ന പ്രതിസന്ധികൾ

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്തെ റേഷൻ പൊതുവിതരണ രംഗത്തെ പ്രതിസന്ധിയും റേഷൻ വ്യാപാരികൾ അനുഭവിക്കുന്ന വിവിധ

പ്രശ്നങ്ങളും പരിഹരിക്കുന്നതിന് സർക്കാരിന്റെ അടിയന്തര ഇടപെടലുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. റേഷൻ കടകളിലൂടെ വാതിൽപ്പടിയായി എത്തിച്ചുകൊടുക്കുന്ന റേഷൻ സാധനങ്ങൾ പല മാസങ്ങളിലും കൃത്യമായി നൽകാൻ കഴിയുന്നില്ലെന്ന ദുരവസ്ഥ റേഷൻ വിതരണ മേഖലയെ താറുമാറാക്കിയിരിക്കുകയാണ്. സമ്പൂർണ്ണ റേഷൻ വിതരണവുമായി ബന്ധപ്പെട്ട് 2018 മുതൽ ഇ-പോസ് സംവിധാനം കേരളത്തിൽ ആരംഭിച്ചു. ഇത് വാതിൽപ്പടിയായി റേഷൻ സാധനങ്ങൾ എത്തിക്കാനാണെന്ന് പറഞ്ഞെങ്കിലും അതിന് സപ്ലൈകോയെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയെങ്കിലും ഈ രംഗത്ത് ഫലപ്രദമായി കാര്യങ്ങൾ ചെയ്യാൻ കഴിയാതെ പോയതാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. റേഷൻ കടകളിലെ പ്രധാന പ്രശ്നം സർവ്വർ തകരാറാണ്. സർവ്വർ/ഇ-പോസ് മെഷീൻ തകരാറും മറ്റ് പ്രശ്നങ്ങളുമെല്ലാം കൂട്ടിക്കുഴച്ച് പരിഹാരമുണ്ടാകാത്ത സാഹചര്യമുണ്ടായപ്പോൾ റേഷൻ വിതരണം തൃപ്തികരമായി നടത്താൻ കഴിയുന്നില്ല. ഇതിന് അടിയന്തരമായി പരിഹാരമുണ്ടാക്കാൻ സർക്കാർ

തയ്യാറാകണം. കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചകളും അംഗീകരിക്കുന്നു; ഒരു ഭാഗത്ത് കേരളത്തിന് കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്ന അലോട്ട്മെന്റ് കുറവാണെന്ന് വാദിക്കുമ്പോഴും മറുഭാഗത്ത് കേന്ദ്രം അനുവദിച്ചുനൽകിയ 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം കേരളത്തിൽ പൂർണ്ണമായി വിതരണം ചെയ്യാൻ കഴിയാതെവരുന്ന എന്ന വിഷയം ഭക്ഷ്യവകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. റേഷൻ കടകളിലൂടെ വാതിൽപ്പടിയായി സാധനങ്ങൾ സമയബന്ധിതമായി എത്തിച്ചുകൊടുക്കാനുള്ള സംവിധാനം ഉറപ്പുവരുത്തേണ്ടതുണ്ട്. തമിഴ്നാടും കർണാടകവുമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഫലപ്രദമായ റേഷൻ വിതരണ നടപടികളുണ്ട്. കേരളത്തിൽ ഇതുസംബന്ധിച്ച് ഒരു പരിശോധന നടത്താനും ഈ രംഗത്ത് കൂടുതൽ കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്താനും എന്തെല്ലാം ചെയ്യാനാകും എന്നതിനെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ട്. റേഷൻ വിതരണം ഫലപ്രദമായി നടക്കണമെങ്കിൽ റേഷൻ കടക്കാരുടെ ആവശ്യങ്ങൾ കൂടി അംഗീകരിച്ചുകൊടുക്കേണ്ടത് ന്യായമായ കാര്യമാണ്. എന്നാൽ ഇന്ന് അതിന് കഴിയുന്നില്ലെന്നത് വലിയ പ്രതിസന്ധിയുണ്ടാക്കുകയാണ്. ഈ

ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുമ്പോൾ നമ്മുടെ രക്തസാക്ഷി മണ്ഡപത്തിൽ രണ്ടുദിവസമായി കേരളത്തിലെ റേഷൻ കടകൾ അടച്ചിട്ട് വ്യാപാരികൾ രാപ്പകൽ സമരം നടക്കുകയാണ്. ആ സമരം ഉദ്ഘാടനം ചെയ്തത് സി.ഐ.ടി.യു.-ന്റെ സംസ്ഥാന സെക്രട്ടറിയും മുൻമന്ത്രിയും എൽ.ഡി.എഫ്.-ന്റെ പ്രമുഖ നേതാവുമായ ശ്രീ. ടി. പി. രാമകൃഷ്ണൻ ആണ്. ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.യുടെ അധ്യക്ഷതയിലാണ് യോഗം നടന്നത്. വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതാക്കൾ അഭിവാദ്യം ചെയ്യുന്നു. ഇന്ന് വൈകുന്നേരം പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ സമാപനയോഗം ഉദ്ഘാടനം ചെയ്യുകയാണ്. ഈ സമരത്തിലൂടെ ഉന്നയിക്കുന്ന വിഷയങ്ങൾ സർക്കാർ പ്രത്യേകമായി ചർച്ച ചെയ്യാൻ തയ്യാറാകണം എന്നുകൂടി ആവശ്യപ്പെടുകയാണ്. സമരം ചെയ്യുന്നത് രാഷ്ട്രീയ പ്രേരിതമായിട്ടല്ല; തികച്ചും ന്യായമായ ആവശ്യമാണ് അവരുന്നയിക്കുന്നത് എന്ന് കാണാൻ കഴിയും. കേരളത്തിലെ സാധാരണക്കാരായ മനുഷ്യർ ആശ്രയിക്കുന്ന പൊതുവിതരണ മേഖലയിലെ റേഷൻ കടകളെ നല്ലനിലയിൽ നടത്തിക്കൊണ്ടുപോകാൻ റേഷൻ കടക്കാരുടെ ആവശ്യങ്ങൾകൂടി അംഗീകരിക്കേണ്ടതുണ്ട്. പുതുക്കിയ

വേതന പാക്കേജ്, റേഷൻ വ്യാപാരികൾ ആവശ്യപ്പെടുന്നുണ്ട്. 2018-ൽ ടി ആവശ്യം ഉന്നയിക്കുകയും സർക്കാർ അത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തതാണ്. എന്നാൽ ഇതുവരെ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. കോവിഡ് കാലത്ത് ഭക്ഷ്യകിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ കടക്കാർക്ക് ലഭിക്കാനുള്ള പണം ലഭ്യമാക്കണമെന്നതാണ് റേഷൻ വ്യാപാരികളുടെ മറ്റൊരു ആവശ്യം. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മുമ്പൊരിക്കൽ നിയമസഭയിൽ എന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്, ആ തുക മുഴുവൻ കൊടുത്തുതീർത്തുവെന്നാണ്. എന്നാൽ അത് കൊടുത്തിട്ടില്ല എന്നതാണ് വസ്തുത. ബഹുമാനപ്പെട്ട ഹൈക്കോടതിയിലും സുപ്രീംകോടതിയിലും ആ കേസ് പരിഗണിച്ചു. 6 പേർക്കുമാത്രമാണ് അതിന്റെ ആനുകൂല്യം ലഭിച്ചതെന്നാണ് ഇപ്പോൾ കോർഡിനേഷൻ കമ്മിറ്റി പറയുന്നത്. അങ്ങ് അക്കാര്യം പരിശോധിക്കാൻ തയ്യാറാകണം. ഭക്ഷ്യകിറ്റ് കൊടുത്ത വകയിലുള്ള തുക മുഴുവനായും റേഷൻ വ്യാപാരികൾക്ക് കൊടുത്തുതീർക്കാൻ തയ്യാറാകണം. കോവിഡ് കാലത്ത് ധാരാളം റേഷൻ കടക്കാർ മരണപ്പെട്ടു. ഇൻഷ്വറൻസ് ഏർപ്പെടുത്തിയതിനുശേഷം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക്

ആനുകൂല്യം ലഭിച്ചു. എന്നാൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിന് മുൻപ് മരണപ്പെട്ട 65 റേഷൻ കടക്കാരുടെ കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല. അതും പാവപ്പെട്ട കുടുംബങ്ങളാണ്. മരണപ്പെട്ട 65 റേഷൻ കടക്കാരുടെ കുടുംബങ്ങൾക്കും ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. അതുപോലെ എല്ലാവർക്കും 1600 രൂപയാണ് പെൻഷൻ നൽകുന്നത്; എന്നാൽ റേഷൻ കടക്കാർക്ക് 1500 രൂപയാണ് നൽകുന്നത്. അതുകൊണ്ട് അതിൽ മാറ്റം വരുത്താൻ തയ്യാറാകണം. റേഷൻ വ്യാപാരികളുടേതായി ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി സർക്കാർ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. സർവ്വർ, ഇ-പോസ് മെഷീൻ തകരാറുകൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരിഹാരമുണ്ടാക്കി റേഷൻ വിതരണം കുറ്റമറ്റ നിലയിൽ തൃപ്തികരമായി മുന്നോട്ടുകൊണ്ടുപോകണം. കേരളത്തിൽ അതിരൂക്ഷമായ വിലക്കയറ്റം നിലനിൽക്കുകയാണ്. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങൾക്ക് ആശ്വാസം പകരേണ്ടത് പൊതുവിതരണ മേഖലയാണ്. എന്നാൽ നമ്മുടെ സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിൽ ഇന്ന് സാധനങ്ങൾ കിട്ടാനില്ല. വില കുറച്ച്

സാധനങ്ങൾ കിട്ടുന്നത് സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിലും റേഷൻ കടകളിലുമാണ്. പൊതുവിതരണം കൃത്യനിഷ്ഠയോടെ മുന്നോട്ടുകൊണ്ടുപോകുന്ന സാഹചര്യമുണ്ടാകണം. ഇന്ന് അവിടെ വലിയ പ്രതിസന്ധിയും സ്തംഭനാവസ്ഥയും ഉണ്ടായിരിക്കുന്നു. അത് പരിഹരിക്കാൻ സർക്കാർ തയ്യാറാകണം. റേഷൻ കടക്കാരുടെ ആവശ്യങ്ങൾ ചർച്ച ചെയ്യാനുള്ള സാഹചര്യം സർക്കാരുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. മോൻസ് ജോസഫ് സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും കവർ ചെയ്തുകൊണ്ടുള്ള ശ്രദ്ധക്ഷണിക്കൽ പ്രമേയമാണ് തയ്യാറാക്കി നൽകിയത്. അതിന് മറുപടി പറയാൻ ദീർഘനേരമെടുക്കുമെന്നുള്ള കാര്യം ഞാൻ ആദ്യമേ സൂചിപ്പിക്കുകയാണ്. അദ്ദേഹം എഴുതിതന്നതിലും പുറമേയായി ചില കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ആ വിഷയങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് നിലപാട് വ്യക്തമാക്കാം.

കേരളത്തിലെ റേഷൻ വിതരണരംഗവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചത്. ഈ പ്രമേയത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രകാരമുള്ള ഒരു സ്തംഭനാവസ്ഥയും കേരളത്തിലെ റേഷൻ വിതരണത്തിലുണ്ടായിട്ടില്ല. 2024 ജൂൺ മാസം 83.27 ശതമാനം കാർഡുടമകൾ ഭക്ഷ്യധാന്യം റേഷൻകടകളിൽനിന്നും കൈപ്പറ്റിയിരിക്കുകയാണ്. കഴിഞ്ഞ പത്ത് മാസത്തെ കണക്ക് കഴിഞ്ഞ ദിവസം ഈ സഭയിൽത്തന്നെ പറഞ്ഞിരുന്നു. അതുകൊണ്ട് കേരളത്തിലെ ഭക്ഷ്യധാന്യ വിതരണം സ്തംഭനാവസ്ഥയിലാണെന്ന നിലപാടിലേയ്ക്ക് എത്താൻ പാടില്ലായെന്ന് സൂചിപ്പിക്കുകയാണ്. ഇതിൽ തന്നെ മുൻഗണനാ വിഭാഗത്തിന്റെ കണക്ക് പരിശോധിച്ചാൽ 96 ശതമാനം കാർഡുടമകളും റേഷൻ വിഹിതം കൈപ്പറ്റിയിട്ടുണ്ട്. റേഷൻ കടകളിൽ എത്തിക്കേണ്ട ഭക്ഷ്യധാന്യങ്ങൾ യഥാസമയം എത്തിച്ചുനൽകുകയും ഉപഭോക്താക്കൾ അത് കൈപ്പറ്റുകയും ചെയ്യുന്നുണ്ടെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. 2018-ലാണ് ഒടുവിലായി റേഷൻ വ്യാപാരികളുടെ വേതനം പുതുക്കിയത്. എല്ലാ റേഷൻ വ്യാപാരികൾക്കും മിനിമം 18,000/- രൂപ

കമ്മീഷനായി ലഭിക്കണമെന്ന സമീപനമാണ് സർക്കാരിനുണ്ടായിരുന്നത്. ഓരോ റേഷൻ വ്യാപാരിക്കും വില്പനയ്ക്കായി അനുവദിക്കപ്പെട്ടിട്ടുള്ള വിഹിതത്തിന്റെ 70 ശതമാനം വില്പന പൂർത്തിയാക്കണമെന്ന നിബന്ധനയോടെയായിരുന്നു ഇത് നടപ്പാക്കിയത്. നിലവിൽ സംസ്ഥാനത്തെ റേഷൻ വ്യാപാരികളിൽ 84.4 ശതമാനം പേർക്കും 18,000/- രൂപയിൽ അധികം വേതനം ലഭിക്കുന്നുണ്ട്. ഇതിൽത്തന്നെ 2500-ൽ അധികം പേർക്ക് 30,000/- രൂപയിൽ അധികം പ്രതിമാസവേതനം ലഭിക്കുന്നുണ്ട്. 10,000/- രൂപയിൽ താഴെ കമ്മീഷൻ ലഭിക്കുന്നത് 146 പേർക്ക് മാത്രമാണ്. 2023 ഡിസംബർ വരെയുള്ള ആധികാരികമായ കണക്ക് പരിശോധിച്ചാണ് ഞാൻ പറയുന്നത്. NFSA (National Food Security Act, 2013)-ന്റെ അഭിവാജ്യ ഘടകമായ പോർട്ടബിലിറ്റി ഗുണഭോക്താക്കൾക്ക് സൗകര്യപ്രദവും ഗുണകരവുമായിട്ടാണ് പൊതുവേ വിലയിരുത്തപ്പെട്ടിട്ടുള്ളത്. ആധുനികവൽക്കരണത്തിനോടും സാങ്കേതിക പുരോഗതിയുടെ ഗുണഫലങ്ങളോടും പുറംതിരിഞ്ഞുനിൽക്കുന്ന സമീപനം ഒരു മേഖലയിലും ആശാസ്യമല്ല. വേതന പാക്കേജ് പുതുക്കണമെന്ന റേഷൻ വ്യാപാരികളുടെ

ആവശ്യം പരിഗണിച്ച് നിയോഗിച്ച മൂന്നംഗ സബ്കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. റേഷൻ വ്യാപാരികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും റേഷൻ കടകളുടെ സേവനം വൈവിദ്ധ്യവൽക്കരിക്കുന്നതിനുമായി സർക്കാർ കെ-സ്റ്റോർ എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നിലവിൽ 624 കടകൾ കെ-സ്റ്റോറുകളായി പരിവർത്തനം ചെയ്തിട്ടുണ്ട്. ഈ ഓണത്തോടെ ആയിരം കടകൾ കെ-സ്റ്റോറുകളായി മാറ്റുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. 2024 ജൂൺ മാസംവരെ കെ-സ്റ്റോറുകളിൽ 5 കോടിയിൽപ്പരം രൂപയുടെ വിറ്റുവരവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ റേഷൻ വ്യാപാരി ഒരു കിലോഗ്രാം ഭക്ഷ്യധാന്യം വിതരണം ചെയ്യുമ്പോൾ ശരാശരി 2.90 രൂപയാണ് കമ്മീഷൻ ഇനത്തിൽ ലഭിക്കുന്നത്. ഇത് മറ്റ് സംസ്ഥാനങ്ങളിലെ റേഷൻ വ്യാപാരികൾക്ക് ലഭിക്കുന്ന കമ്മീഷൻ തുകയേക്കാൾ കൂടുതലാണ്. കേരളത്തിലെ എ.എ.വൈ., പി.എച്ച്.എച്ച്. കാർഡുകളിലെ അംഗങ്ങളുടെ മസ്റ്ററിംഗ് പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചപ്പോൾ തന്നെ ആയത് യഥാവിധി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള

നടപടികൾ സർക്കാർ സ്വീകരിക്കുകയുണ്ടായി. മസ്റ്ററിംഗിനായി നിലവിൽ ഉപയോഗിച്ചുകൊണ്ടിരുന്ന ഐ.ടി. മിഷന്റെ കീഴിലുള്ള AAU, Authentication User Agency (AUA) സെർവർ കൂടാതെ എൻ.ഐ.സി. ഡൽഹിക്ക് കീഴിലുള്ള AUA സെർവർ കൂടി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് എൻ.ഐ.സി. കേരള, എൻ.ഐ.സി. ഹൈദരാബാദ്, എൻ.ഐ.സി. ഡൽഹി എന്നിവരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അധികമായി എൻ.ഐ.സി. ഡൽഹിയുടെ കീഴിലുള്ള AAU സെർവർ ഉപയോഗിക്കുവാനുള്ള അനുവാദം ലഭിക്കുന്നപക്ഷം മസ്റ്ററിംഗ് ഉടൻ പൂർത്തീകരിക്കുന്നതാണ്. നാളിതുവരെ 2158462 പേരുടെ e-KYC അപ്ഡേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ആധാർ ഓതന്റിക്കേഷനിലൂടെ മാത്രമെ റേഷൻ വിതരണം നടത്തുവാൻ സാധിക്കുകയുള്ളൂ. ഓതന്റിക്കേഷൻ കൂടാതെ റേഷൻ വിതരണം നടത്തിയാൽ കേന്ദ്രസർക്കാർ നൽകുന്ന സബ്സിഡിയിൽ കുറവുവരുത്തും. ഐ.ടി. മിഷന്റെ നിയന്ത്രണത്തിലുള്ള AAU സെർവർ, ബി.എസ്.എൻ.എൽ.-ന്റെ നിയന്ത്രണത്തിലുള്ള ഹൈദരാബാദിലെ ASA സെർവർ, ബാംഗ്ലൂരിലെ ആധാർ

സെർവർ എന്നിവയുടെ ഏകോപിച്ചുള്ള പ്രവർത്തനം റേഷൻ വിതരണത്തിന് അനിവാര്യമാണ്. ഐ.ടി. മിഷൻ ഒഴികെയുള്ള സെർവറുകളിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ഇടപെടലിന് പരിമിതികളുണ്ട്. എന്നിരുന്നാലും മേൽപ്പറഞ്ഞ എല്ലാ സ്ഥാപനങ്ങളെയും കൂട്ടിയിണക്കിക്കൊണ്ട് ആധാർ ഓതന്റിക്കേഷനിലെ പ്രശ്നങ്ങൾ വലിയൊരളവുവരെ കുറച്ചുകൊണ്ട് വരുന്നതിന് വകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്നത് വസ്തുതയാണ്. സംസ്ഥാനത്തിന് അനുവദിക്കുന്ന ടൈഡ് ഓവർ വിഹിതമായിട്ടുള്ള 3.99 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം സംസ്ഥാനത്തിന്റെ ആവശ്യത്തിന് പര്യാപ്തമല്ല. പ്രതിമാസം ടൈഡ് ഓവർ വിഹിതമായി ഉപയോഗിക്കാൻ കഴിയുന്നത് 33250 മെട്രിക് ടൺ മാത്രമാണ്. ടൈഡ് ഓവർ വിഹിതം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാത്തത് കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ള monthly ceiling കൊണ്ടാണ്. ഇതിൽ ഇളവ് അനുവദിച്ച് ഉത്സവ കാലയളവിൽ വാർഷിക പരിധിക്കുള്ളിൽനിന്ന് ഭക്ഷ്യധാന്യ വിതരണം നടത്തുവാൻ കേന്ദ്ര സർക്കാരിൽനിന്ന് അനുമതി ലഭിക്കുന്നപക്ഷം ടൈഡ് ഓവർ വിഹിതം പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുന്നതാണ്. ഇവിടെ ബഹുമാനപ്പെട്ട

അംഗം പറഞ്ഞ പോയിന്റ് ഇതാണ്. നമുക്ക് ചില നിബന്ധനകൾ വച്ചിരിക്കുന്നതിനാൽ അനുവദിക്കുന്ന ഭക്ഷ്യധാന്യംതന്നെ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ട്. അത് മാറ്റി നൽകാൻ കത്ത് കൊടുത്തിട്ടുണ്ട്. ഞാൻ നേരിട്ട് കേന്ദ്രമന്ത്രിയെ വീണ്ടും കാണാൻ പോകുകയാണ്. നിലവിൽ റേഷൻ വ്യാപാരികളുടെ ജൂൺ മാസത്തെ കമ്മീഷൻ മാത്രമാണ് നൽകാനുള്ളത്. കാലതാമസം ഒഴിവാക്കി കമ്മീഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നതാണ്. ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിലുള്ള കമ്മീഷൻ നൽകണമെന്ന ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഒറ്റത്തവണയായി തുക കൊടുത്തു തീർക്കാൻ കഴിയാത്തതിനാൽ ഘട്ടംഘട്ടമായി തുക വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ചില വ്യവസ്ഥകൾക്ക് വിധേയമായാണ് ഒരാൾക്ക് റേഷൻകട ലൈസൻസ് അനുവദിക്കുന്നത്. സ്വാഭാവികമായും പ്രസ്തുത വ്യവസ്ഥകൾ പാലിക്കാൻ ലൈസൻസി ബാധ്യസ്ഥനാണ്. റേഷൻകടയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എടുക്കേണ്ടതായിട്ടുള്ള ലൈസൻസുകളുടെ ബാഹുല്യം കുറയ്ക്കുവാൻ

കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിക്കുകയാണ്. റേഷൻ വ്യാപാരികളുടെ വിവിധ സംഘടനകൾ ഉന്നയിച്ച ആവശ്യങ്ങളിന്മേൽ 2024 ജൂൺ 4-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ റേഷൻ വ്യാപാരികൾ മുന്നോട്ടുവച്ച ആവശ്യങ്ങളിന്മേൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കുമെന്ന് സർക്കാർ അറിയിക്കുകയുണ്ടായി. റേഷൻ വ്യാപാര മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് ലൈസൻസികൾക്ക് കൂടുതൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുകയെന്നതാണ് ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാടെന്ന് ഈ സഭയിൽ വ്യക്തമാക്കുകയാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, പോസിറ്റീവായി ഈ വിഷയം എടുക്കാൻ തയ്യാറായതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. റേഷൻ വ്യാപാരികളുടെ പുതിയ വേതന പാക്കേജും അവരുടെ പ്രശ്നങ്ങളുമെല്ലാം സംബന്ധിച്ചാണ് രാഷ്ട്രീയത്തിനതീതമായി ഇപ്പോൾ അവർക്ക് സമരരംഗത്ത് വരേണ്ടി വന്നത്. കടകൾ അടച്ചിട്ടിരിക്കുകയാണ്. കടകൾ തുറന്ന് പ്രവർത്തിക്കേണ്ടതാണ്. അതുകൊണ്ട് ഗവൺമെന്റ് റേഷൻ വ്യാപാരികളുടെ സംയുക്ത സമര

സമിതിയുമായി അടിയന്തര ചർച്ചയ്ക്ക് തയ്യാറാകുമോ; പ്രശ്നങ്ങൾ പരിഹരിക്കാൻ സാധ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മുന്നോട്ട് വരുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, സംസ്ഥാനത്ത് ദേശീയ പ്രസ്ഥാന തൊഴിലാളി സംഘടനകളുടെ പണിമുടക്കുകളൊക്കെ നടക്കുമ്പോൾ പാൽ, റേഷൻ കടകൾ തുടങ്ങിയവയൊക്കെ ഒഴിവാക്കുന്ന രീതിയാണ് ഉണ്ടായിട്ടുള്ളത്. ഭക്ഷ്യധാന്യം ആളുകൾക്ക് നൽകാത്തൊരു നിലപാടിലേയ്ക്ക് പോകാതെയിരിക്കാനാണ് ഇങ്ങനെ ചെയ്യുന്നത്. ഈ വിഷയത്തെ സംബന്ധിച്ചുള്ള പണിമുടക്ക് നോട്ടീസ് കണ്ടയുടൻതന്നെ അവരെ വിളിച്ച്, ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ സംസാരിച്ചു. അവർക്ക് ചെയ്തുകൊടുക്കാവുന്ന എല്ലാ ഉറപ്പുകളും കൃത്യമായി പറയുകയുണ്ടായി. എന്നാൽ സമരവുമായി അവർ മുന്നോട്ടുപോകുന്ന നിലപാടാണ് സ്വീകരിച്ചത്. അവരുമായി ഒരു ശത്രുതയുമില്ല. അവരുടെ ന്യായമായ ആവശ്യങ്ങൾ ചർച്ച ചെയ്യാൻ വീണ്ടും ഗവൺമെന്റ് തയ്യാറാണ്. ആ ചർച്ചയിലൂടെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ആഗ്രഹിക്കുന്നത്. അതല്ലാതെ അവർക്ക് ആനുകൂല്യങ്ങൾ കൊടുക്കണ്ട എന്ന നിലപാടല്ല ഗവൺമെന്റിനുള്ളത്. 2018-ലാണ് റേഷൻ

വ്യാപാരികളുടെ വേതനം പുതുക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസ്ഥയുണ്ടാക്കിയത്. അതുകഴിഞ്ഞ് വേതന പാക്കേജിനെ സംബന്ധിച്ച് ഗവൺമെന്റ് തന്നെ ഒരു കമ്മീഷനെ നിയോഗിച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് കഴിഞ്ഞ മാസം 30-ാം തീയതി ലഭിച്ചു. അത് പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.